(ബി) കേന്ദ്രസർക്കാരിന്റെ Viability Gap Funding (VGF) സ്കീമിൽ ഉൾപ്പെടുത്തി വിഴിഞ്ഞം പദ്ധതിക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചുകഴിഞ്ഞു. അതുപ്രകാരം പി.പി.പി. ഘടകമായ 4089 കോടിരൂപയുടെ 20 ശതമാനമായ 817.8 കോടിരൂപയുടെ സഹായധനം ലഭിക്കും. കൺസഷനയർ സ്വന്തം ഓഹരി (Equity) പദ്ധതിയിൽ പൂർണ്ണമായി നിക്ഷേപിച്ച ശേഷം മാത്രമേ മേൽപ്പറഞ്ഞ സഹായധനം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുകയുള്ളൂ.

(സി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. തികച്ചും സുതാര്യമായ രണ്ടുഘട്ട ആഗോള ടെൻഡറുകൾക്ക് ഒടുവിലാണ് അദാനി പോർട്ട്സ് & സ്പെഷ്യൽ ഇക്കണോമിക് സോണിനെ (Special Economic Zone) തെരഞ്ഞെടുത്തത്. തുടർന്ന് അദാനി പോർട്ട്സ് പദ്ധതിക്കായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യ കമ്പനിയായ അദാനി വിഴിഞ്ഞം പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡുമായി 2015 ആഗസ്റ്റ് മാസം 17-ാം തീയതി സർക്കാർ കൺസഷൻ കരാർ ഒപ്പുവച്ചു 2015 ഡിസംബർ 5-ാം തീയതി പദ്ധതിയുടെ നിർമ്മാണോദ്ഘാടനം നിർവ്വഹിച്ചു.

വിഴിഞ്ഞം തുറമുഖം

237 (214) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള വർക്കുകൾ എല്ലാം പൂർത്തീകരിച്ച്, പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന തീയതി വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭൂമി അക്വയർ ചെയ്ത് തുടങ്ങിയത് ഏത് വർഷത്തിലായിരുന്നു; പദ്ധതികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നല്കി കൊണ്ട്, നിർമ്മാണം ആരംഭിച്ചത് എപ്പോഴായിരുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇന്നത്തെ നിലയിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് എന്ത് തുക ഇനിയും ചെലവഴിക്കേണ്ടതായിട്ടുണ്ട്;

(ഡി) പ്രസ്തുത പദ്ധതിയ്ക്കായി ഇനിയും ഭൂമി അക്വയർ ചെയ്യേണ്ടതായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളുടെ കാര്യത്തിൽ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഡീറ്റെയിൽഡ് പദ്ധതി റിപ്പോർട്ടും മാസ്റ്റർ പ്ലാനും പ്രകാരം പദ്ധതിയുടെ നിർമ്മാണം നാലുഘട്ടങ്ങളിലായാണ്

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കേണ്ടത്. ഒന്നാംഘട്ടത്തിൽ 800 മീറ്റർ നീളത്തിലുള്ള ബെർത്തും പത്തുലക്ഷം ടി.ഇ.യു. വാർഷിക സ്ഥാപിത ശേഷിയും ഉണ്ടായിരിക്കും. ഒന്നാംഘട്ടം പൂർത്തിയാകാൻ കരാർ പ്രകാരം കണക്കാക്കിയിട്ടുള്ള സമയം നാലുവർഷമാണ് (2019 ഡിസംബർ 4). കരാർ പ്രകാരം നാലുവർഷത്തെ സമയം ഉണ്ടെന്നിരിക്കെ സംസ്ഥാന സർക്കാരും കരാറുകാരനും ആയിരം ദിന കർമ്മ പരിപാടി പദ്ധതിയുടെ പൂർത്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം 2018 ആഗസ്റ്റ് 31-ന് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ട്, മൂന്ന്, നാല് ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതിയിലെ കണ്ടെയ്നർ ഗതാഗതം വളരുന്ന തനുസരിച്ച് കരാറിലെ വ്യവസ്ഥ 12.8 പ്രകാരം നിർവ്വഹിക്കുന്നതായിരിക്കും. ഇതിന് ഏതാണ്ട് 30 വർഷത്തെ കാലയളവാണ് പ്രതീക്ഷിക്കുന്നത്.

(ബി) വിഴിഞ്ഞം ഇറമുഖ പദ്ധതിക്കായുള്ള ഭൂമി അക്വയർ ചെയ്യൽ തുടങ്ങിയത് 2010 ആഗസ്റ്റ് മാസമാണ്. പദ്ധതിയുടെ അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങളുടെ നിർമ്മാണം ആരംഭിച്ചതും 2010 ആഗസ്റ്റ് മാസമാണ്. കോവളം-പൂവാർ റോഡിനെ പ്രോജക്ടുമായി ബന്ധിപ്പിക്കുന്ന 600 മീറ്റർ 2 വരി റോഡിന്റെ നിർമ്മാണ പ്രവർത്തനം 2010 ആഗസ്റ്റിൽ തുടങ്ങുകയുണ്ടായി. പദ്ധതിക്ക് ആവശ്യമുള്ള ജല ലഭ്യത ഉറപ്പുവരുത്താൻ 3.3 എം.എൽ.ഡി. സ്ഥാപിതശേഷിയുള്ള പ്ലാന്റിന്റെ നിർമ്മാണം ആരംഭിച്ചത് 2012 ഫെബ്രുവരി മാസം ആണ്. പദ്ധതിക്ക് ആവശ്യമുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പ്രസരണ് സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് 2013 മെയ് മാസം ആണ്. ഇറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് 2015 ഡിസംബർ മാസം ആണ്.

(സി) ഇന്നത്തെ നിലയിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് 3699 കോടിരൂപ സർക്കാരിന്റെ ഭാഗത്തുനിന്നും ചെലവ് പ്രതീക്ഷിക്കുന്നു. ഈ തുകയിൽ ബ്രേക്ക് വാട്ടർ കെട്ടുന്നതിനും റെയിലിന്റെ ചെലവും കൺസഷനയർക്ക് നൽകാനുള്ള ഗ്രാന്റും സാഗർ മാല പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഏകദേശം 500 കോടിരൂപ പ്രതീക്ഷിക്കുന്ന റെയിൽ വികസനവും ഉൾപ്പെടുന്നു.

(ഡി) ഉണ്ട്. താഴെപ്പറയുന്ന പദ്ധതി ഘടകങ്ങൾക്കാണ് ഇനി ഭൂമി അക്വയർ ചെയ്യേണ്ടത്.

1. പദ്ധതിക്കായി നിശ്ചയിച്ചിട്ടുള്ള ബാക്ക്-അപ് ഏരിയയിൽ ശേഷിക്കുന്ന ഭൂമി.
2. റോഡ് നിർമ്മാണത്തിന് ആവശ്യമായുള്ള ബാക്കി ഭൂമി.
3. വെയർ ഹൗസ് ഏരിയയിൽ ആവശ്യമായുള്ള ബാക്കി ഭൂമി.
4. റെയിൽ നിർമ്മാണത്തിനായുള്ള മൊത്തം ഭൂമി.

LIBRARY ARCHIVES Kerala Legislative Assembly